പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2536      19.06.2013 ലെ മറുപടിക്ക്

## വാഴോറമല പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വാഴോറമല പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച പ്രത്യേക പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | ബാലുശ്ശേരി വാഴോറമല പട്ടികജാതി കോളനിയുടെ സമഗ്ര വികസനത്തിനായി വകുപ്പ് തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. കോട്ടൂർ ഗ്രാമപഞ്ചായത്ത് റോഡ് പ്രവൃത്തിക്കായും സാംസ്കാരിക നിലയത്തിൽ ഫർണിച്ചർ വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി തുക വകയിരുത്തുകയും പ്രവൃത്തി നടന്നുവരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | കോട്ടൂർ ഗ്രാമപഞ്ചായത്ത് റോഡ് നിർമ്മാണത്തിന് ഒരു ലക്ഷം രൂപയും സാംസ്കാരിക നിലയത്തിൽ ഫർണിച്ചർ വാങ്ങുന്നതിന് ഒന്നര ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കുടിവെള്ളത്തിന് ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തും സംയുക്തമായി 16½ ലക്ഷം രൂപ അനുവദിക്കുകയും, പദ്ധതി നടന്നുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.